മെട്രോ വാർത്ത

Sep 10, 2016

# സ്രാവ്, തിരണ്ടി മത്സ്യങ്ങളുടെ ലഭ്യത ഗണ്യമായി കുറഞ്ഞു

കൊച്ചി: സ്രാവ്, തിരണ്ടി മത്സ്യങ്ങളുടെ ലഭ്യത ഗണ്യമായി കുറഞ്ഞതായി പഠനങ്ങൾ. 2012ൽ 40 ടൺ തിരണ്ടി ലഭിച്ചപ്പോൾ 2015 ൽ അത് അഞ്ച് ടണ്ണായി ചുരുങ്ങി. സിഎംഎഫ്ആർഐയുടെ പഠനത്തിലാണ് മത്സ്യങ്ങളുടെ അളവ് കുറഞ്ഞതായി കണ്ടെത്തിയത്.

വംശനാശ ഭീഷണി നേരിടുന്ന ജീവിവർഗങ്ങളുടെ പട്ടികയിൽ ഉൾപ്പെട്ട ഈ മത്സ്യകുഞ്ഞുങ്ങളെ പിടിക്കുന്നത് തടയുന്നതിന് സംയോജിത ശ്രമം വേണമെന്ന് മത്സ്യത്തൊഴിലാളികൾ. സ്രാവ്, തിരണ്ടി വർഗങ്ങളുടെ ലഭ്യതയും കച്ചവടവുമായി ബന്ധപ്പെട്ട് കേന്ദ്ര സമുദ്ര മത്സ്യ ഗവേഷണ സ്ഥാപനം (സിഎംഎഫ്ആർഐ) സംഘടിപ്പിച്ച ചർച്ചയിലാണ് മത്സ്യത്തൊഴിലാളികൾ ഈ നിർദേശം ഉന്നയിച്ചത്.

കൃതവും അശാസ്ത്രീയവുമായ മത്സ്യബന്ധന രീതികളിൽനിന്ന് വിട്ടുനിൽക്കുന്നതിന് മത്സ്യത്തൊഴിലാളികൾക്കിടയിൽ വ്യാപകമായ ബോധവത്കരണ പരിപാടികൾ സംഘടിപ്പിക്കമെന്നും. കുഞ്ഞുമത്സ്യങ്ങളെ പിടിക്കുന്നത് തടയുന്നതിനോട് പൂർണ യോജിപ്പാണെന്ന് യോഗത്തിൽ സംസാരിച്ച മത്സ്യത്തൊഴിലാളി പ്രതിനിധികൾ പറഞ്ഞു.



വംശനാശ ഭീഷണി നേരിടുന്ന സ്രാവ്, തിരണ്ടി മത്സ്യങ്ങളുടെ ലഭ്യതയും കച്ചവടവുമായി ബന്ധപ്പെട്ട് കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സിഎംഎഫ്ആർഐ) സംഘടിപ്പിച്ച ചർച്ച.

മത്സ്യത്തൊഴിലാളികളും ശാസ്ത്ര സമൂഹവും സഹകരിച്ചു പ്രവർത്തിച്ചാൽ മാത്രമേ മത്സ്യസമ്പത്തിന്റെ സുസ്ഥിര വിനിയോഗം സാധ്യമാകൂ. മത്സ്യസമ്പത്തിന്റെ പരിപാലനത്തിനായി ആവശ്യമായ വിവരങ്ങൾ ശാസ്ത്ര സമൂഹത്തിന് കൈമാറാൻ മത്സ്യത്തൊഴിലാളികൾക്ക് സാധിക്കണമെന്നും യോഗം ആവശ്യപ്പെട്ടു.

മത്തി, അയല, മാലാൻ, ചെമ്മീൻ, ഞണ്ട്, സ്രാവ്, തിരണ്ടി, കോര തുടങ്ങിയവയൊക്കെ കടലിൽ കുറഞ്ഞ് വരുകയാണ്. ഒരു കാലത്ത് തീരത്തിനോടടുത്ത് സുലഭമായിരുന്നു മാലാൻ ഉൾപ്പെടെയുള്ള മത്സ്യങ്ങളെന്ന് തൊഴിലാളികൾ പറഞ്ഞു. ആവോലി, ഏട്ട, സ്രാവ്, തിരണ്ടി ഉൾപ്പെടെ വലിയ മത്സ്യങ്ങൾ മറ്റുള്ള രാജ്യങ്ങളിൽ നിന്നാണ് കേരളത്തിലെ മാർക്കറ്റുകളിൽ എത്തുന്നത്.

കേന്ദ്ര പരിസ്ഥിതി മന്ത്രാലയം ആവശ്യപ്പെട്ടതനുസരിച്ച് ഈ മത്സ്യയിനങ്ങളെ കുറിച്ച് സിഎംഎഫ്ആർഐ തയാറാക്കുന്ന റിപ്പോർട്ടിൽ മത്സ്യത്തൊഴിലാളികളുടെയും വിപണന-കയറ്റുമതി മേഖലകളിൽ പ്രവർത്തിക്കുന്നവരുടെയും അഭിപ്രായങ്ങൾ സ്വീകരിക്കുന്നതിനായിരുന്നു മത്സ്യത്തൊഴിലാളികൾ, കച്ചവടക്കാർ, കയറ്റുമതിക്കാർ, ശാസ്ത്രജ്ഞർ എന്നിവരുടെ സംയുക്ത ചർച്ച സംഘടിപ്പിച്ചത്.

പ്രിൻസിപ്പൽ സയന്റിസ്റ്റുമാരായ ഡോ. ശോഭ കിഴക്കൂടൻ, ഡോ. രേഖ ജെ നായർ എന്നിവർ മത്സ്യത്തൊഴിലാളികളുടെ സംശയങ്ങൾക്ക് മറുപടി പറഞ്ഞു. ഡോ. ആർ. നാരായണകുമാർ ആമുഖ പ്രഭാഷണം നടത്തി.

മത്സ്യത്തൊഴിലാളി പ്രതിനിധികൾക്ക്പുറമേവിപണനം, കയറ്റുമതി രംഗത്തുള്ളവരുടെയും പ്രതിനിധികൾ യോഗത്തിൽ പങ്കെടുത്തു.

വൈൽഡ് ലൈഫ് കൺട്രോൾ ബോർഡ് അസിസ്റ്റന്റ് ഡയറക്ടർ എ. മാധിവനൻ, ഡോ. ടി. എം. നജ്മുദ്ധീൻ എന്നിവർ സംസാരിച്ചു. സിഎംഎഫ്ആർഐയിലെ വിവിധ ഡിവിഷൻ മേധാവികളും ചർച്ചയിൽ പങ്കാളികളായിരുന്നു.